**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **01-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പ് എകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് എകീകരിച്ചപ്പോൾ ഈ വകുപ്പിലെ എൻജിനീറിംഗ് വിംഗിന് സർവീസ് പ്രശ്നo ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പ് എകീകരിച്ചപ്പോൾ ഈ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സർവ്വീസ് പ്രശ്നം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർവ്വീസ് സംഘടനകൾ ചില ആശങ്കകൾ ഉന്നയിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർവീസ് പ്രശ്നo ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ സമർപ്പിച്ചിട്ടുള്ള പരാതികൾ പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായ പരാതി പരിഹാര സെല്ലിൽ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. 24.01.2023 ന് മന്ത്രിയും ചീഫ് എഞ്ചിനീയറും ചേർന്ന് സംസ്ഥാനത്തെ മുഴുവൻ എഞ്ചിനീയറിംഗ് ജീവനക്കാരുടെ യോഗം ഓൺലൈനിൽ ചേരുകയും ആശങ്കകൾ ദൂരീകരിക്കാനുള്ള ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ